## 5. BLOCK RUBBER FACTORIES

സ. ഉ. (കൈ.) നമ്പർ 177/2009/തൊഴിൽ. *തിരുവനന്തപുരം, 2009 ഡിസംബർ 28.*

**എസ്. ആർ. ഒ. നമ്പർ 3/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2001 ജൂലൈ 16-ാം തീയതിയിലെ 1022-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 695/2001 ആയി പ്രസിദ്ധീകരിച്ച, 2001 ജൂലൈ 10-ാം തീയതിയിലെ സ. ഉ. (സാധാരണ) 2071/2001/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ പ്രസ്തുത ആക്ടിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2009 ജനുവരി 31-ാം തീയതിയിലെ 245-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ജനുവരി 27-ാം തീയതിയിലെ 19558/ഇ1/2006/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ ബ്ലോക്ക് റബ്ബർ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ താഴെ പട്ടികയിൽ വിനിർദേശിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനത്തിലെ വേതന നിരക്കുകൾ 2009 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കപ്പെടുന്നതാണ്.

### പട്ടിക

I. അടിസ്ഥാന വേതനം:

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിമാസ ശമ്പളം* | *ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **(എ)** | **ഫാക്ടറി വിഭാഗം** | | |
| | 1 സ്കിൽഡ് | | |
| | (1) ഫോർമാൻ | 4732 | |
| | (2) സൂപ്പർവൈസർ | 4524 | |
| | (3) മെക്കാനിക്ക്<br>(4) പ്ലംബർ<br>(5) ഇലക്ട്രീഷൻ<br>(6) ഡ്രൈവർ | 4134 | 159 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2. | സെമി സ്കിൽഡ് | | |
| | (1) ടാങ്ക് ഫില്ലിംഗ് ഉൾപ്പെടെ മെഷീൻ ജോലി ചെയ്യുന്നതും മറ്റു വിഭാഗങ്ങളിൽപ്പെടാത്ത തുമായ എല്ലാ ജീവനക്കാരും<br>(2) ഫാക്ടറിയിലെ ജനറൽ വർക്കർ/സ്റ്റോർകീപ്പർ | 3900 | 150 |
| 3. | അൺ സ്കിൽഡ് | | |
| | (1) സെക്യൂരിറ്റി ജീവനക്കാർ<br>(2) വാച്ച്മാൻ | 3510 | 135 |
| **(ബി) ആഫീസ് വിഭാഗം** | | | |
| | (1) മാനേജർ | 5120 | |
| | (2) ആഫീസ് അസിസ്റ്റന്റ്<br>(3) കാഷ്യർ/ക്ലാർക്ക്/ടൈപ്പിസ്റ്റ്<br>(4) അക്കൗണ്ടന്റ് | 4134 | 159 |
| | (5) പ്യൂൺ/അറ്റന്റർ | 3510 | 135 |
| | (6) സ്വീപ്പർ (ഫുൾടൈം)/സ്കാവഞ്ചർ | 3328 | 128 |
| **(സി) ലബോറട്ടറി വിഭാഗം** | | | |
| | (1) കെമിസ്റ്റ്/ലബോറട്ടറി ടെക്നീഷ്യൻ | 4732 | |
| | (2) ലബോറട്ടറി അസിസ്റ്റന്റ്<br>(3) മറ്റ് ലബോറട്ടറി ജീവനക്കാർ | 4134 | 159 |

II. ക്ഷാമബത്ത: മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനു പുറമെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 100 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതനക്കാർക്ക് 82 പൈസ നിരക്കിലും മാസശമ്പളക്കാർക്ക് പ്രതിമാസം 21 രൂപ 32 പൈസ നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കു വേണ്ടി ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ ഇടുക്കി ജില്ലയിൽ മൂന്നാർ കേന്ദ്രത്തിനു വേണ്ടിയും വയനാട് ജില്ലയിൽ മേപ്പാടി കേന്ദ്രത്തിനു വേണ്ടിയും പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത നൽകേണ്ടത്.

III. സർവ്വീസ് വെയിറ്റേജ്: ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി മൂന്ന് വർഷത്തിലധികം കാലം സേവന കാലയളവുള്ള തൊഴിലാളിക്ക് പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പുതുക്കി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

IV. ഈ വിജ്ഞാപനപ്രകാരം ഏതെങ്കിലും സ്ഥാപനത്തിൽ ദിവസവേതനം നിശ്ചയിച്ചിട്ടുള്ള തൊഴിലാളികളുടെ മാസവേതനം കണക്കാക്കുന്നത് ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും, മാസശമ്പളം നിശ്ചയിച്ചിട്ടുള്ള തൊഴിലാളികളുടെ ദിവസവേതനം കണക്കാക്കുന്നത് മാസശമ്പളത്തെ 26 കൊണ്ട് ഭാഗിച്ചും ആയിരിക്കേണ്ടതാണ്.

V. ഉയർന്ന വേതനം: ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വേതനത്തേക്കാളും ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തന്നെ അവർക്ക് തുടർന്നും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ബ്ലോക്ക് റബ്ബർ ഫാക്ടറികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് നൽകേണ്ട കുറഞ്ഞ കൂലിനിരക്കുകൾ 2001 ജൂലൈ 16-ാം തീയതിയിലെ 1022-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 695/2001 ആയി 2001 ജൂലൈ 10-ാം തീയതിയിലെ സ. ഉ. (സാധാരണ) 2071/01/തൊഴിൽ നമ്പരായുള്ള വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. 1948-ലെ മിനിമം വേജസ് ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പ്രസ്തുത മേഖലയിലുള്ള കുറഞ്ഞ കൂലിനിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.